സി8-12097/17

കളക്ടറേറ്റ്, എറണാകുളം
തീയതി : 30.05.2019.

# ഫാറം നമ്പർ 7
## (ചട്ടം 18 (1) കാണുക)
## വിജ്ഞാപനം
## 11-ാം വകുപ്പിലെ 1-ാം ഉപവകുപ്പ് പ്രകാരം കളക്ടർ പുറപ്പെടുവിക്കേണ്ട പ്രാരംഭ വിജ്ഞാപനം

കേരള സർക്കാർ 04/12/2015 ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 649/2015/റ.വ വിജ്ഞാപനപ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ എറണാകുളം (എൽ എ) ജനറൽ സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിരുന്നതിനാലും.

ഈ പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും പുനസ്ഥാപനത്തിനു മുള്ള അഡ്മിനിസ്റ്റേറ്റർ ആയി എറണാകുളം കളക്ടറേറ്റിലെ പൊന്നുംവില ഡെപ്യൂട്ടി കളക്ടറെ കേരള സർക്കാർ നിയമിച്ചിരിക്കുന്നതിനാലും.

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് കൊച്ചി-മുസിരിസ് ബിനാലെയ്ക്ക് വേണ്ടിയുള്ള സ്ഥിരം വേദിക്കായി ആവശ്യമുണ്ടന്നോ ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും ഇപ്പോൾ തന്മൂലം, അതുമായി ബന്ധപ്പെട്ട എല്ലാപേർക്കും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 11-ാം വകുപ്പ് 1-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി അക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പൊന്നുംവിലക്കെടുക്കുവാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ അവരുടെ ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ,ഇതുസംബന്ധിച്ച പൊതു നോട്ടീസിന്റെ തിയതിയോ ഏതാണോ അവസാനം വരുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽ എ) ജനറൽ എറണാകുളം മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും സ്ഥലത്തിലുള്ള താൽപര്യം സംശയലേശമന്യേ വിശദീകരിക്കാത്തതുമായ അപേക്ഷകളും നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

സാമൂഹ്യ പ്രത്യാഘാതവിലയിരുത്തൽ പഠനറിപ്പോർട്ടിന്റെ സംക്ഷിപ്തരൂപം താഴെകൊടുത്തിരിക്കുന്നു. ആയത് എറണാകുളം ജില്ലാ കളക്ടറുടെ ഔദ്യോഗികവെബ് സൈറ്റായ www.ernakulam.gov.in ൽ ലഭ്യമായിട്ടുള്ളതാണ്.

<u>പട്ടിക</u>

ജില്ല: എറണാകുളം
വില്ലേജ്: ഫോർട്ടുകൊച്ചി

താലൂക്ക്: കൊച്ചി

| ക്രമ നം. | റീസർവ്വെ നമ്പർ | വിവരണം | വിസ്തീർണ്ണം ഹെക്ടറിൽ | പൊതു ആവശ്യത്തിന്റെ സ്വഭാവം | ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റിപാർപ്പിക്കുന്നതിനുള്ള കാരണം | ഉടമസ്ഥർ |
|---|---|---|---|---|---|---|
| 1 | 3 | പുരയിടം | 0.0162 | കൊച്ചി മുസിരിസ് ബിനാലെക്ക വേണ്ടിയുള്ള സ്ഥിരം വേദിക്കായുള്ള സ്ഥലം ഏറ്റെടുക്കൽ | പൊന്നുംവില നടപടിയിൽ ഉൾപ്പെട്ട ഭൂമിയിൽ താമസവീടുകൾ ഇല്ലാത്തതിനാൽ ആളുകളെ മാറ്റി പാർപ്പിക്കേണ്ടതില്ലാത്തതാണ്. | DLF ASPINWALL Hotels Private Ltd. Opposite doordarshan Kendra, Seaport Airport Road, Kakanad, Cochin-682037 |
| 2 | 4 | പുരയിടം | 0.0121 | കൊച്ചി മുസിരിസ് ബിനാലെക്ക വേണ്ടിയുള്ള സ്ഥിരം വേദിക്കായുള്ള സ്ഥലം ഏറ്റെടുക്കൽ | പൊന്നുംവില നടപടിയിൽ ഉൾപ്പെട്ട ഭൂമിയിൽ താമസവീടുകൾ ഇല്ലാത്തതിനാൽ ആളുകളെ മാറ്റി പാർപ്പിക്കേണ്ടതില്ലാത്തതാണ്. | DLF ASPINWALL Hotels Private Ltd. Opposite doordarshan Kendra, Seaport Airport Road, Kakanad, Cochin-682037 |
| 3 | 7 | പുരയിടം | 0.9551 | കൊച്ചി മുസിരിസ് ബിനാലെക്ക വേണ്ടിയുള്ള സ്ഥിരം വേദിക്കായുള്ള സ്ഥലം ഏറ്റെടുക്കൽ | പൊന്നുംവില നടപടിയിൽ ഉൾപ്പെട്ട ഭൂമിയിൽ താമസവീടുകൾ ഇല്ലാത്തതിനാൽ ആളുകളെ മാറ്റി പാർപ്പിക്കേണ്ടതില്ലാത്തതാണ്. | DLF ASPINWALL Hotels Private Ltd. Opposite doordarshan Kendra, Seaport Airport Road, Kakanad, Cochin-682037 |
| 4 | 402/10 | പുരയിടം | 0.6191 | കൊച്ചി മുസിരിസ് ബിനാലെക്ക വേണ്ടിയുള്ള സ്ഥിരം വേദിക്കായുള്ള സ്ഥലം ഏറ്റെടുക്കൽ | പൊന്നുംവില നടപടിയിൽ ഉൾപ്പെട്ട ഭൂമിയിൽ താമസവീടുകൾ ഇല്ലാത്തതിനാൽ ആളുകളെ മാറ്റി പാർപ്പിക്കേണ്ടതില്ലാത്തതാണ്. | DLF ASPINWALL Hotels Private Ltd. Opposite doordarshan Kendra, Sea port Airport Road, Kakanad, Cochin-682037 |
| 5 | 1 | | 0.0040 | കൊച്ചി മുസിരിസ് ബിനാലെക്ക വേണ്ടിയുള്ള സ്ഥിരം വേദിക്കായുള്ള സ്ഥലം ഏറ്റെടുക്കൽ | പൊന്നുംവില നടപടിയിൽ ഉൾപ്പെട്ട ഭൂമിയിൽ താമസവീടുകൾ ഇല്ലാത്തതിനാൽ ആളുകളെ മാറ്റി പാർപ്പിക്കേണ്ടതില്ലാത്തതാണ്. | DLF ASPINWALL Hotels Private Ltd. Opposite doordarshan Kendra, Sea port Airport Road, Kakanad, Cochin-682037 |
| 6 | 403/2 | | 0.0041 | കൊച്ചി മുസിരിസ് ബിനാലെക്ക വേണ്ടിയുള്ള സ്ഥിരം വേദിക്കായുള്ള സ്ഥലം ഏറ്റെടുക്കൽ | പൊന്നുംവില നടപടിയിൽ ഉൾപ്പെട്ട ഭൂമിയിൽ താമസവീടുകൾ ഇല്ലാത്തതിനാൽ ആളുകളെ മാറ്റി പാർപ്പിക്കേണ്ടതില്ലാരതതാണ്. | DLF ASPINWALL Hotels Private Ltd. Opposite doordarshan Kendra, Sea port Airport Road, Kakanad, Cochin-682037 |
| | ആകെ | | 1.6106 | | | |

## സാമൂഹ്യ പ്രത്യാഘാതവിലയിരുത്തൽ പഠനത്തിന്റെ സംക്ഷിപ്തരൂപം

എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിലെ ഫോർട്ടുകൊച്ചി വില്ലേജിൽപ്പെടുന്ന സർവ്വെ നം.1,3,4,7,402/10,403/2 എന്നിവയിൽ ഉൾപ്പെട്ടുവരുന്ന ആകെ 1.6106 ഹെക്ടർ ഭൂമിയാണ് കൊച്ചി - മുസിരിസ് ബിനാലെക്കു വേണ്ടിയുള്ള സ്ഥിരം വേദിയുടെ നിർമ്മാണത്തിനായി ആവശ്യമായി വരുന്നത്. ടി പദ്ധതി നിലവിൽ വരുന്നത് കൊണ്ട് ആരെയും പുനരധിവസിപ്പിക്കേണ്ടതില്ലെന്നും പ്രസ്തുത പദ്ധതിക്ക് വസ്തു ഏറ്റെടുക്കുന്നതു വഴി വീടോ,കച്ചവടസ്ഥാപനങ്ങളോ ആർക്കും നഷ്ടപ്പെടുന്നില്ലെന്നും ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് പുനരധിവാസപാക്കേജ് പ്രകാരം ആനുകൂല്യം നൽകുന്നത് പരിഗണിക്കാമെന്നും ടി പദ്ധതി 2013 ലെ 30-ാം നമ്പർ ആക്ടിലെ സെക്ഷൻ 2(1) ബി(1) പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന്റെ നിർവ്വചനത്തിൽ വരുന്നതിനാൽ പൊതുതാൽപര്യത്തെ മുൻനിറുത്തി ഒഴിവാക്കാനാവാത്ത ആവശ്യമായി കണക്കാക്കി പദ്ധതി നടപ്പിലാക്കേണ്ടതാണെന്നും സാമൂഹ്യ പ്രത്യാഘാതവിലയിരുത്തൽ പഠനയൂണിറ്റായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് തയ്യാറാക്കി സമർപ്പിച്ച സാമൂഹ്യ പ്രത്യാഘാതവിലയിരുത്തൽ പഠന റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ ടി പദ്ധതിയുടെ പ്രയോജനങ്ങൾ നാടിന്റെ വിനോദസഞ്ചാരവികസനത്തിന് ഉതകുന്നതാണെന്നും തന്മൂലം രാജ്യത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക ഉന്നമനം സാധ്യമാക്കുമെന്നും ടി പദ്ധതിക്ക് അനുയോജ്യമായ മറ്റൊരു ഭൂമി ലഭ്യമല്ലാത്തതാണെന്നും നിർദ്ദിഷ്ടഭൂമി ഏറ്റെടുക്കൽ മൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരില്ലാത്തതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശം ആയതിനു വേണ്ടി രൂപീകരിച്ചിട്ടുള്ള വിദഗ്ധ സമിതിഅംഗികരിച്ചിട്ടുള്ളതുമാണ്. സാമൂഹ്യ പ്രത്യാഘാതവിലയിരുത്തൽ പഠന റിപ്പോർട്ടിന്റെയും , വിദഗ്ധ സമിതിയുടെ സാമൂഹ്യപ്രത്യാഘാതവിലയിരുത്തൽ റിപ്പോർട്ടിന്റെയും ആയതിന് അംഗീകാരം നൽകിയ ഉത്തരവിന്റെയും പകർപ്പുകൾ എറണാകുളം ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.ernakulam.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും ആയതിന്റെ പകർപ്പുകൾ ജില്ലാ കളക്ടറേറ്റ്, സ്പെഷ്യൽ തഹസിൽദാർ(എൽഎ) ജനറൽ , എറണാകുളം എന്നിവിടങ്ങളിലും ലഭ്യമായിട്ടുള്ളതാണ്.

(signature) 30.5.19

ജില്ലാ കളക്ടർ,

എറണാകുളം